# എന്റെ അവധിക്കാല ഓർമ്മകൾ

പരീക്ഷാക്ഷീണംകഴിഞ്ഞ് പുസ്തകമെല്ലാം മാറ്റിവെച്ച് ആശ്വസിക്കാൻ ഏതാനും ദിവസങ്ങൾ. അതാണ് അവധിക്കാലം.

വർഷാവസാനം സ്കൂളിൽ പരീക്ഷ തിമർത്താടുകയാണെങ്കിലും അതിനു ശേഷമുള്ള അവധിക്കാലം മനസ്സിന് മധുരമാണ്.

കൂട്ടുകാരോടൊത്ത് ഒളിച്ചുകളിച്ചും വഴക്കിട്ടുമെല്ലാം ദിവസങ്ങൾ അതിവേഗം കടന്നുപോകും. ഉണ്ണിമാങ്ങ വീഴുന്ന കാലമായതുകൊണ്ട് കളികളേറെയും മാവിൻചുവട്ടിലായിരിക്കും. ഒരു മാങ്ങ വീണാൽ അതിനുവേണ്ടി വഴക്കിടും. എന്നിട്ട് പങ്കിട്ടെടുക്കും.

മാമ്പൂവ് പറിച്ച് ചോറും കറിയും കളിക്കുമ്പോൾ കിട്ടാറുള്ള വഴക്കിന് കണക്കില്ല. ഇപ്പോൾ ഓർക്കുമ്പോൾ ഏറെ സുഖവും കൗതുകവുമുണർത്തുന്ന ഓർമ്മകൾ.

കുട്ടികൾ ഏറെ ആസ്വദിക്കാറുള്ള സമയം തീർച്ചയായും അവധിക്കാലം തന്നെയാണ്. എന്നാൽ മാതാപിതാക്കൾ ഏറെ പ്രയാസപ്പെടുന്ന സമയവും ഇതുതന്നെയായിരിക്കും.

കൂട്ടുകാരോടൊത്ത് ഏറെ നിമിഷങ്ങൾ പങ്കിട്ടും വീടിനടുത്തുള്ള കുളത്തിലെ കുളിയും കളിയും, നിഷ്കളങ്കമായ മത്സരങ്ങളുമെല്ലാം തന്നെ മനസ്സിന് കുളിരു പകരുന്ന ഓർമ്മകളാണ്. അവധിക്കാലം ഏറെ സ്ഥലങ്ങൾ സഞ്ചരിക്കാനു



ള്ള അവസരവും നൽകുന്നുണ്ട്.

മധുരമുള്ള ഓർമ്മകൾ നൽകാനും അതിലേറെ ഓർമ്മകൾ സ്വരുക്കൂട്ടാനും സാധിക്കുന്ന ഏതാനും നല്ല നാളുകളാണ് എന്റെ അവധിക്കാലം.

• സ്നേഹ
ക്ലാസ്- 9
പ്ലസന്റ് ഇംഗ്ലീഷ് സ്കൂൾ
ഓമശ്ശേരി

# എന്റെ അവധിക്കാല ഓർമ്മകൾ



കഴിഞ്ഞകൊല്ലത്തെ അവധിക്കാലത്തെക്കുറിച്ചാണ് പറയാൻ പോകുന്നത്. അങ്ങനെ ആ അവസാന ക്ലാസും കഴിഞ്ഞു. ഇനി മൂത്താപ്പാന്റെ വീട്ടിൽ പോണം. സ്കൂൾ വിട്ട് വീട്ടിലെത്തിയപ്പോൾ എല്ലാവരും ഡ്രസ്സ് മാറ്റി നിൽക്ക്ണ്ണ്ട്. പെട്ടെന്ന് കുളിച്ച് വാ... നമ്മക്ക് മമ്പാട് പോണ്ടേ... അത് കേട്ടപ്പോൾ ഞാൻ ആഹ്ലാദം കൊണ്ട് തുള്ളിച്ചാടി. അങ്ങനെ ഞങ്ങൾ വണ്ടി കയറി.

ഞാൻ സീറ്റിലെ അറ്റത്താണിരുന്നത്. പ്രകൃതിയേയും മനുഷ്യരെയും കണ്ടപ്പോൾ സങ്കടമായി. നിലമ്പൂരാകെ മരങ്ങൾ മുറിച്ച് വെച്ചക്കാ... മരങ്ങൾക്ക് വേദനിക്ക്ണ്ണ്ടാവും. പാവം അത് വെട്ട്ണ ആൾക്കാർ വിശന്ന ചെന്നായയെപ്പോലെ അവക്ക് തോന്നിക്കാണും.

കനോലി പ്ലോട്ടിന്റെ വഴിയിൽ എത്രയോ ആളുകൾ ജ്യൂസും മറ്റും തിന്നും കുടിച്ചും നടക്കുന്നു. അതിന്റെ അപ്പുറത്ത് കാലില്ലാതെയും കൈയ്യില്ലാതെയും ഇരിക്കുന്ന എത്രയോ പാവങ്ങൾ.

ഞാൻ വണ്ടി നിർത്തിച്ച് ഉപ്പാനോട് പൈസ വാങ്ങി അവർക്ക് കൊടുത്തു. ഞാൻ അവരോട് അവരുടെ പേര് ചോദിച്ചു. അയമു, കാസിം എന്നാണ് അവരുടെ ഇടറിയ ശബ്ദത്തിൽ നിന്ന് എനിക്ക് മനസ്സിലായത്. കൂടാതെ വൃദ്ധ സ്ത്രീകളും ഉണ്ടായിരുന്നു അവർക്കിടയിൽ. എന്തോ വല്യ കാര്യം ചെയ്ത സന്തോഷത്തിൽ ഞങ്ങൾ മൂത്താപ്പാന്റെ വീട്ടിലെത്തി. അവിടുന്ന് ഓരോ ദിവസവും പല കളികൾ കളിച്ചു. ഇരിക്കാകുടുകുടു, പൊക്ക് കളി, തൊട്ട് കളി, അങ്ങനെ പലതും. പി ന്നെ ഒരു ഫിലിം കണ്ടതായിരുന്നു. എന്റെ ജീവിതത്തിന് ഈ കാലത്തെ പ്പറ്റിയുള്ള ഒരറിവ് സമ്മാനിച്ചത്. എങ്ങനെയാണ് മനുഷ്യർ തന്റെ ബന്ധുക്കളുമായും കുടുംബവുമായയും പിരിയുന്നത്. ഒരു തരത്തിൽ കാലത്തെ മനസ്സിലാക്കാൻ സിനിമ പോലുള്ള മാധ്യമങ്ങളും വേണം.

അങ്ങനെ രണ്ട് ആഴ്ച ഞങ്ങളവിടെ നിന്നു. പിന്നീട് ഞങ്ങൾ ടൂർ പോയി. കൂടെ കൂട്ടുകാരൻ സാഹിലും കുടുംബവുമുണ്ടായിരുന്നു.

നെല്ലിയാമ്പതിയിലേക്കായിരുന്നു. പ്രകൃതിയെ തൊട്ടറിഞ്ഞ നിമിഷങ്ങൾ. പോത്തുണ്ടി ഡാം ദൂരെ നിന്ന് കണ്ടു. അവിടുന്ന് സ്യൂയിസൈഡ് പോയന്റിൽ വെച്ച് ഇത്താ ത്ത കുരങ്ങനെ കണ്ട് പേടിച്ച് ഓടിയത് ആ കൊക്കയിലേക്കാണ്. ഭാഗ്യം ഉപ്പ പിടിച്ചു. ടൂറിനിടയിലുള്ള അശ്രദ്ധ എത്ര ഗുരുതരമാണ്.

അങ്ങനെ രണ്ടുമാസം കഴിഞ്ഞു. ഇനി പുത്തൻ ബാഗും പുസ്തകവുമായി സ്കൂളിൽ പോകണം. വീട്ടിൽ നിന്ന് സ്കൂളിലേക്ക് പോകുമ്പോൾ ഞാനൊന്നു ചിന്തിച്ചു.

“ഈ അവധിക്കാലത്ത് ഞാനെന്ത് നേടി. ഇല്ലാ, ഈ അവധിക്കാലം നഷ്ടമല്ല. ലാഭമാണ്.

● മുഹമ്മദ് ഷാഫി പി.കെ

സ്കൂൾ ഓഫ് ഖുർആൻ സയൻസ്
ചേന്ദമംഗല്ലൂർ